# KHM HIGHER SECONDARY SCHOOL,VALAKKULAM

SECOND TERMINAL EVALUATION - 2021

മലയാളം കേരളപാഠാവലി

**Max.Marks:30 STD: X Time: 01 hr**

---

1. നളചരിതം ആട്ടക്കഥയുടെ കർത്താവാര് ? (1 മാർക്ക് )

- എഴുത്തച്ഛൻ
- കാളിദാസൻ
- ഉണ്ണായിവാര്യർ
- ഒ വി വിജയൻ

2. ദൂരത്തു നിന്നാരും വരികയില്ല നമ്മെക്കാണ്മാൻ.. ഈ വരികളിൽ തെളിയുന്ന പുഷ്കരന്റെ മനോഭാവമെന്ത് ? (1 മാർക്ക് )

- അധികാരമോഹം
- അഹംഭാവം
- നിസ്സഹായത
- അപകർഷതാ ബോധം

3. 'പ്രിയദർശനം' എന്ന ശീർഷകം കാവ്യഭാഗത്തിന് എത്രമാത്രം യോജിക്കുന്നുണ്ട്. രണ്ട് നിഗമനങ്ങൾ കുറിക്കുക. (2 മാർക്ക്)

4. "അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി "ഈ വാക്യം സന്ദർഭത്തിന് നൽകുന്ന ഭാവതീവ്രത വ്യക്തമാക്കുക.(2 മാർക്ക്)

5. വൈരി വൈരസേനിക്കിഹ ഞാൻ കലി
തവ ഞാൻ മിത്രം, തസ്യ നാടു ഞാൻ തരുന്നു'
- പ്രലോഭനം എന്ന ശീർഷകത്തിന് ഈ വരികൾ എത്രമാത്രം ഇണങ്ങുന്നുണ്ടെന്ന് പരിശോധിക്കുക. (2മാർക്ക്)

6. " ക്രോധം പരിത്യജിക്കേണം ബുധജനം" - എന്ന് എഴുത്തച്ഛൻ പറയാൻ കാരണമെന്ത് ? (4 മാർക്ക്)

7.  " കൊടുത്തതു മാത്രമേ നേടാനൊക്കൂ, അല്ലേ സുധീർ? ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ?
- ഈ വാക്കുകളിലൂടെ താഴത്തു കുഞ്ഞുക്കുട്ടിയമ്മ പറയാൻ ശ്രമിക്കുന്നതെന്തെല്ലാം ?
(4 മാർക്ക്)

8."പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ. "

*   *   *   *

" കാരണവരേ, കട്ടാൽ മതി. ജയിലിലെത്തിച്ചേരാം"

(കടൽത്തീരത്ത് )

ഗ്രാമീണരും നാഗരികരും വെള്ളായിയപ്പനോട് പെരുമാറുന്നത് ഒരു പോലെയാണോ?
കഥ വിശകലനം ചെയ്ത് സ്വാഭിപ്രായം സമർത്ഥിക്കുക.
(4മാർക്ക്)

9. " ഇതു വൈഷമ്യക്കാരനാണ്.അന്ന് ആര്യപുത്രനെ ഓർമ്മിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ കിട്ടാതെ പോയല്ലോ."
- ആരുടെ വാക്കുകളാണിത്. എന്തിനെയാണ് വൈഷമ്യക്കാരനായി പറഞ്ഞത് ?
(4 മാർക്ക്)

10.  "ചക്ഷു: ശ്രവണഗളസ്ഥമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹി നാ പരിഗ്രസ്തമാം ലോകവു-
മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു"
'കാലാഹി ' - എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്?
വരികൾ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.   (6 മാർക്ക്)

അല്ലെങ്കിൽ

11. വാക്കുകൾ കൊണ്ടും പ്രവൃത്തികൾ കൊണ്ടും നന്മ നിറഞ്ഞ കഥാപാത്രം ആണ് മെത്രാൻ. "പാവങ്ങൾ 'എന്ന പാഠഭാഗത്തിലെ വിവിധ സന്ദർഭങ്ങൾ ഉൾപ്പെടുത്തി മെത്രാൻ എന്ന കഥാപാത്രത്തെ കുറിച്ച് നിരൂപണം തയാറാക്കുക.
(6മാർക്ക്)